## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1696 | 16.03.2015-ൽ മറുപടിക്ക് |
|---|---|

### വി-കെയർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വി-കെയർ എന്ന പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണെന്നും ഇനം തിരിച്ച് അറിയിക്കുമോ ; | (ബി) | നടപ്പു സാമ്പത്തിക വർഷം നാളിതു വരെ 5,94,63,470/- രൂപ സമാഹരിച്ചിട്ടുണ്ട്. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ്. അവയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വ്യക്തികൾ/ ഏജൻസികൾ/മറ്റ് സ്ഥാപനങ്ങൾ | തുക |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ | 5,93,88,470 |
| 2. | ഷെഫീ അൽഹസൻ, അബുദാബി | 10,000 |
| 3. | രാഷ്ട്രദീപിക ലിമിറ്റഡ്, തിരുവനന്തപുരം | 10,000 |
| 4. | രഘുനാഥൻമാസ്റ്റർ, പുതുപ്പാടി, കോഴിക്കോട് | 25,000 |
| 5. | ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രവും കൊല്ലം വിക്ടോറിയ ആശുപത്രിയും സംയുക്തമായി നൽകിയ സംഭാവന | 30,000 |
| | ആകെ | 5,94,63,470/ |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ? | (സി) | പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ നിന്നും ഇതുവരെ 23,67,583/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ വി-കെയർ പദ്ധതി ധനസഹായ വിതരണത്തിനായി 1,88,000/- രൂപയും, പബ്ലിസിറ്റി, ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ജില്ലാതല യോഗങ്ങൾ, എന്നിവയ്ക്കായി 21,79,583/- രൂപയും ഉൾപ്പെടെ ആകെ 23,67,583/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ